**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1569** **03-02-2026 - ൽ മറുപടിയ്ക്ക്**

**കായംകുളം പൊഴിയിലെ ഊന്നിവലകളുടെ പോക്കുവരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ കായംകുളം പൊഴിയിൽ ഏകദേശം 100 വർഷക്കാലമായി പട്ടയത്തോടു കൂടി പ്രവർത്തിച്ചുവരുന്ന ഊന്നിവലകൾക്ക് നൽകിയിട്ടുള്ള പട്ടയങ്ങൾ അവരുടെ പിൻഗാമികളായ ഇപ്പോഴുള്ള ഉടമസ്ഥരുടെ പേരിലേക്ക് പോക്ക് വരവ് ചെയ്ത് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇക്കാര്യം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ വില്ലേജിലെ വലിയഴീക്കൽ പൊഴിയുടെ ഭാഗത്ത് ഊന്നിവല കെട്ടിയവർക്ക് വളരെ മുൻകാലങ്ങളിൽ നൽകിയിട്ടുള്ളതായി അറിയുന്ന പട്ടയം കായലിൽ മത്സ്യബന്ധനം നടത്തുന്നതിനുവേണ്ടി മാത്രം നൽകിയിട്ടുള്ളതാണ്. നിലവിലുള്ള നിയമപ്രകാരം കായലിന്റെ പൊഴിയുടെ ഭാഗത്ത് പോക്കുവരവ് ചെയ്ത് നൽകാൻ നിർവാഹമില്ലാത്തതാണ്. |
| (ബി) | ഊന്നിവലകളുടെ നിലവിലുള്ള ഉടമസ്ഥർക്ക് കരം ഒടുക്കുന്നതിനുള്ള സാങ്കേതിക തടസ്സം കാരണം ഇവർക്ക് മത്സ്യബന്ധന പ്രവർത്തനങ്ങൾക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ പെർമ്മിറ്റും മറ്റ് ആനുകൂല്യങ്ങളും നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | ഊന്നിവലകളുടെ മുൻ പ്രമാണങ്ങളിൽ പലതും നിലവിലുള്ള ഉടമസ്ഥർക്ക് 2004 ലെ സുനാമിയിൽ തിരിച്ചുകിട്ടാനാകാത്ത വിധത്തിൽ നഷ്ടപ്പെട്ടിരുന്നു എന്ന വസ്തുത കണക്കിലെടുത്ത് 2021 ലെ കേരള ഇൻലാന്റ് ഫിഷറീസ് ആക്ടിൽ പ്രത്യേക ഇളവ് ആവശ്യമെങ്കിൽ അത് അനുവദിച്ച് കൊണ്ട് ഊന്നിവലകളുടെ നിലവിലുള്ള ഉടമസ്ഥർക്ക് ഊന്നിവലകളുടെ കരം ഒടുക്കാൻ സാധിക്കുന്നതിനും ഊന്നിവലകളുടെ പോക്ക് വരവ് എളുപ്പത്തിൽ ചെയ്ത് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | മുൻകാലങ്ങളിൽ ഊന്നിവല കെട്ടുന്നതിന് അനുവദിച്ച പട്ടയം സംബന്ധിച്ച രേഖകളൊന്നും ബന്ധപ്പെട്ട കാര്യാലയത്തിൽ ലഭ്യമല്ലാത്തതാണ്. ടി പട്ടയം പോക്കുവരവ് ചെയ്ത് നൽകുന്നതിനായി നിലവിൽ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ